"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - താന്ന്യം ഗ്രാമപഞ്ചായത്ത് - പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത ചെമ്മാപ്പിള്ളി ത്തുക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1848/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/10/2020

| | |
|---|---|
| പരാമർശം 1 :- | താന്ന്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/06/2020-ലെ ബി2/100/20 നം. കത്ത്. |
| 2. | തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.6.2020 ലെ കത്ത് |
| 3 | 12.08.2020തീയതിയിലെവികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം. 4. 4 . |

ഉത്തരവ്

സംസ്ഥാന ദുരന്ത പ്രതികരണ നിധി ഫണ്ട് (SDRF) ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും താന്ന്യം ഗ്രാമപഞ്ചായത്തിലെ PWD റോഡിൽ ആരംഭിച്ച് മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കനോലി കനാലിന് കുറുകെയായി നിർമ്മിച്ച താന്ന്യം (അന്തിക്കാട് ബ്ലോക്ക്) ഗ്രാമപഞ്ചായത്തിനെയും നാട്ടിക (തളിക്കുളം ബ്ലോക്ക്) ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതുമായ ചെമ്മാപ്പിള്ളി ത്തുക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിന് താന്ന്യം ഗ്രാമപഞ്ചായത്തിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരുന്നു. അറ്റകുറ്റപ്പണിക്കായി 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി ആയ KEL നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപയും തളിക്കുളം , അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തുകളും നാട്ടിക, താന്ന്യം ഗ്രാമപഞ്ചായത്തുകളും 2.75 ലക്ഷം രൂപ വീതവും വകയിരുത്തി 31 ലക്ഷം രൂപയുടെ പ്രോജെക്റ്റിന് ( 2020-21 വർഷം) ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത ഈ പ്രോജക്റ്റിന് പ്രത്യേകാനുമതി വേണമെന്ന താന്ന്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2 ) പ്രകാരം ലഭ്യമാക്കിയിരുന്നു

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സമിതി സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡം പാലിക്കണമെന്ന നിബന്ധനയോടെ താന്ന്യം ഗ്രാമപഞ്ചായത്തിനെയും നാട്ടിക ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളി ത്തുക്കുപാലം അറ്റകുറ്റപ്പണി നടത്തൽ എന്ന പ്രോജക്റ്റിന് ( S199 /21 ) പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

സെക്രട്ടറി / പ്രസിഡന്റ് , താന്ന്യം/നാട്ടിക ഗ്രാമ പഞ്ചായത്ത്.

ജില്ലാ കളക്ടർ, തൃശ്ശൂർ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക(വെബ്& ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.10.14 15:53:04 IST
Reason: Approved
സെക്ഷൻ ഓഫീസർ